

TUESDAY 24-05-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Sunilkumar R** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-24/05/2022.

1. സിറ്റി കോർപ്പറേഷൻ കൃഷി ഭവൻ പരിധിയിലെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത പി. എം കിസാൻ ഗുണഭോക്താക്കളായ കർഷകർ ഭൂമി സംബന്ധിച്ച വിവരങ്ങൾ ലാൻഡ് വെരിഫിക്കേഷനു വേണ്ടി പാളയം സാഫല്യം കോംപ്ലക്സിലെ സിറ്റി കോർപ്പറേഷൻ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2320942** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കാർഷിക അടിസ്ഥാന സൗകര്യ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് -AIF) നടപ്പിലാക്കുന്നു. ഈ പദ്ധതി ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനു സഹായകരമാകുന്നു. കൂടാതെ വിളവെടുപ്പിന് ശേഷമുള്ള നഷ്ടം പരമാവധി കുറയ്ക്കാൻ ഈ പദ്ധതി സഹായിക്കും. ഈ ധനസഹായ പദ്ധതിയുടെ സവിശേഷതകൾ ഇനി പറയുന്നു. 2020-21 മുതൽ 2032-33 വരെ 13 വർഷമാണ് പദ്ധതിയുടെ കാലാവധി. 2 കോടി രൂപ വരെ 3 ശതമാനം പലിശ ഇളവ് പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഗവൺമെന്റ് ക്രെഡിറ്റ് ഗ്യാരണ്ടി നൽകുന്നതാണ്. 2 വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷമാണ് തിരിച്ചടവ് കാലാവധി. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങളും ഇതോടൊപ്പം ലഭ്യമാകുന്നതാണ്. വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, എൻ ബി എഫ് സി-കൾ, എൻ.സി.ഡി.സി, കേരള ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം വായ്പ ലഭ്യമാകും. കേന്ദ്ര സർക്കാർ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന https://agriinfra.dac.gov.in/ എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് അപേക്ഷ നൽകേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് **916235277042 (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം) , 917010994083 (ഇടുക്കി, എറണാകുളം),**

**918075480273 (തൃശൂർ, പാലക്കാട്, മലപ്പുറം), 918921785327 (വയനാട്, കോഴിക്കോട്), 918547565214 (കണ്ണൂർ, കാസർകോഡ്)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പനകേന്ദ്രത്തിൽ നല്ലയിനം തെങ്ങിൻതൈകൾ, ജൈവവളം, ടിഷ്യുകൾച്ചർ വാഴവിത്തുകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, കമുകിൻ തൈകൾ, ജൈവകീടനാശിനികൾ എന്നിവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കൊല്ലം കൃഷി വിജ്ഞാന കേന്ദ്രത്തിൽ വ്യാപകമായ മഴക്കെടുതിമൂലം കൃഷിയിടങ്ങളിൽ അടിയന്തിരമായി കൈക്കൊള്ളേണ്ട പരിപാലന മുറകൾ, കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ആരായുന്നതിനും, സംശയ നിവാരണങ്ങൾക്കുമായി കർഷകർക്കായി ഓൺലൈൻ ഹെൽപ് ഡെസ്ക് ആരംഭിച്ചിരിക്കുന്നു. കൃഷി വിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുന്നതാണ്.

| | |
|---|---|
| ഡോ. ബിനി സാം – പ്രോഗ്രാം കോർഡിനേറ്റർ | 9447525264 |
| ഡോ.ബിന്ദു പൊടിക്കുഞ്ഞ് – (എസ്.എം.എസ് അഗ്രി . എക്സ്റ്റൻഷൻ) | 9745643733 |
| പൂർണിമ യാദവ്. പി.ഐ – (എസ്. എം. എസ് അഗ്രോണമി) | 9744645106 |
| ഡോ.ലത എം – ( എസ്. എം. എസ് പ്ലാൻറ് പ്രൊടക്ഷൻ) | 9446088020 |
| ഡോ. സരോജ് കുമാർ. വി - (എസ്. എം. എസ് ഹോർട്ടികൾച്ചർ) | 9605920457 |
| ഡോ. പാർവ്വതി എസ് – (എസ്. എം. എസ്, അനിമൽ ഹസ്ബൻഡറി) | 9061766019 |
| ഷംസിയ. എ.ച്ച് – (എസ്. എം. എസ്, ഹോം സയൻസ്) | 9995112620 |
| ഇസബെല്ല ജോബ് – (എസ്. എം. എസ്, അഗ്രോ മെട്രോളജി, ഡി. എ.എം.യു പ്രൊജക്ട്) | 9446093329 |

5. ജൂൺ ഒന്ന് ക്ഷീരദിനത്തോടനുബന്ധിച്ച് പത്തനംതിട്ട അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27-ന് ( മേയ് 27) പത്തനംതിട്ട ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഉപന്യാസ രചന (മലയാളം), ചെറുകഥാ രചന (മലയാളം), ഡയറി ക്വിസ് എന്നിവ നടത്തുന്നു. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുളള വിദ്യാർത്ഥികൾ ഈ മാസം 25 നു (മേയ് 25) വൈകിട്ട് 5 മണിക്ക് മുമ്പായി **7025216927, 9495390436, 9656936426** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ dedcadoor@gmail.com എന്ന ഇ-മെയിൽ മുഖേനയോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും 45 ദിവസത്തിനുമേൽ പ്രായമുളള ബി.വി. 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ 150 രൂപ നിരക്കിൽ ഇന്നു (മേയ് 24) രാവിലെ 10 മണി മുതൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000915, 9495000918 (തിരുവനന്തപുരം), 9495000913 (കൊട്ടിയം)** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ ഫാൻസി കോഴിക്കുഞ്ഞുങ്ങൾ 85 രൂപ നിരക്കിലും, കടക്നാഥ് 35 രൂപ നിരക്കിലും, തലശ്ശേരി, നേക്കഡ് നെക്ക് എന്നിവ 22 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുളളവർ **0479-2452277** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പാക്കിവരുന്ന '**അടിയന്തിര രാത്രികാല വെറ്ററിനറി സേവനം**' എന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുളള ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ, പൂർണ്ണമായും താൽക്കാലികമായി, പരമാവധി 89 ദിവസത്തേയ്ക്ക് രാത്രിസമയങ്ങളിൽ സേവനം നടത്തുവാൻ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നു. വെറ്ററിനറി സയൻസിലെ ബിരുദം, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ എന്നീ അവശ്യ യോഗ്യതകളോടൊപ്പം ക്ലിനിക്കൽ ഒബ്സ്ട്രട്രിക്സ് ആന്റ് ഗൈനക്കോളജി, ക്ലിനിക്കൽ മെഡിസിൻ, സർജറി എന്നിവയിൽ ബിരുദാനന്തര ബിരുദം തുടങ്ങിയവ അഭിലഷണീയ യോഗ്യതയായി കണക്കാക്കുന്നതാണ്. താൽപര്യമുളള കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉളള

വെറ്ററിനറി ബിരുദധാരികൾ ഈ **മാസം 26-ന്** (26-5-2022) രാവിലെ 11 മണിക്ക് ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണെന്ന് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0477-2252431** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

9. ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (മേയ് 25) **ശാസ്ത്രീയ ചിപ്പിക്കൂൺകൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 4.30 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രാവിലെ 9.30-ന് ഹാജരാകേണ്ടതാണ്.

10. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (25/05/22) രാവിലെ 10 മണി മുതൽ **കാടവളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25,26 (മേയ് 25,26) തീയതികളിൽ രാവിലെ 10 മണി മുതൽ ആട് വളർത്തൽ വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0491-2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

12. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും** ഈ മാസം 30-ന് (മെയ് 30) ഏകദിനപരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.